ന്നത് സംബന്ധിച്ചും എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(അ) 216/97/തഭവ നമ്പർ ഉത്തരവിന്റെയും 37783/98/എൽ.എ.ഡി നമ്പർ സർക്കുലറിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ബിനാമി വർക്കുകൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) 'ബിനാമി പണി'കൾ നടന്നതായി വിവരം ലഭിച്ച സംഗതികളിൽ അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബിനാമി പണി നടത്തുന്നതിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുമെന്ന് ചട്ടങ്ങളിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

12 (*319) നദികളുടെ സംരക്ഷണം

ശ്രീ. പി.ജെ. ജോയി :
ശ്രീ. എ.കെ. മണി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള നദികളുടെ സംരക്ഷണാർത്ഥം എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇപ്പോൾ ഏതെല്ലാം നദികളുടെ നിയന്ത്രണം ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്;

(സി) ഗവൺമെന്റ് നിയന്ത്രണം ഏറ്റെടുത്ത നദികളിൽനിന്ന് മണൽവാരുന്ന കാര്യത്തിൽ ഹൈക്കോടതി ഉത്തരവ് പാലിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) നദികളുടെ സംരക്ഷണാർത്ഥം നിയമനിർമ്മാണം നടത്താൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ എന്നത്തേയ്ക്ക് ഈ നിയമനിർമ്മാണം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എഫ്) അതുവരെ നദികളുടെ സംരക്ഷണത്തിന് പഞ്ചായത്ത്, റവന്യൂ, പോലീസ് എന്നീ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സംസ്ഥാനത്തെ പ്രധാന നദികളുടെ സംരക്ഷണത്തിനു വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) താഴെപ്പറയുന്ന ഒൻപത് നദികളുടെ സംരക്ഷണം സർക്കാർ ഏറ്റെടുത്തിട്ടുണ്ട് :

1. ഭാരതപ്പുഴ
2. പെരിയാർ
3. ചാലിയാർ
4. പമ്പ
5. കല്ലട
6. വാമനപുരം
7. ചന്ദ്രഗിരി
8. കരമന
9. മീനച്ചിൽ

(സി) 5.1.1998-ലെ 66221/പി1/98/റവന്യൂ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ ഏറ്റെടുത്ത ഒൻപത് നദികളിലെ മണലെടുക്കുന്നത് സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സർക്കുലർ പ്രകാരം മണലെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്തുനൽകുന്നത് പൂർണ്ണമായും നിർത്തൽ ചെയ്യുകയും സർക്കാർ നിബന്ധനകൾക്ക് വിധേയമായി ജില്ലാകളക്ടർ അനുവദിക്കുന്ന കടവുകളിൽനിന്നും അനുവദിക്കപ്പെടുന്ന അളവിൽ മണൽ നീക്കം ചെയ്യുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയുമുണ്ടായി. ജില്ലാകളക്ടർ നിയമിക്കുന്ന വിദഗ്ധ സമിതിയുടെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കടവുകളും വാരാവുന്ന മണലിന്റെ അളവും വിലയും നിശ്ചയിക്കുന്നത്. ഈ സർക്കുലറിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് മാത്രമേ മണൽവാരൽ അനുവദിക്കുകയുള്ളൂ എന്ന് ഹൈക്കോടതിയിൽ ഉറപ്പു നൽകിയിട്ടുണ്ട്.

(ഡി)&(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) കർശന നിർദ്ദേശങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.

13 (*320) ജനകീയാസൂത്രണത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള പരിപാടികളെന്തെല്ലാമാണ്;

(ബി) കലയേയും കലാകാരൻമാരേയും പ്രോത്സാഹിപ്പിക്കുവാൻ ജനകീയാസൂത്രണത്തിൻകീഴിൽ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly